# INDIAN SCHOOL SALALAH

## ACADEMIC YEAR 2026 – 2027

| | |
|---|---|
| Roll No: | Assessment Type: **FIRST TERM EXAMINATION SEPTEMBER - 2026** |
| Grade: **VIII** | Marks Obtained: ____ / **80** |
| Subject: **MALAYALAM (S.L)** | |
| Date of Assessment: **15/09/2026** | Time: **3 Hours** |

***General Instructions:***

- This question paper contains **11** questions in **5** pages.
- Marks are indicated against each question.

| S.No | Questions | Marks |
|---|---|---|
| | **SECTION A** | |
| 1. | തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക<br>കേരളത്തിന്റെ ചരിത്രത്തിന് വളരെ പഴക്കമുണ്ട്. പുരാതന കാലം മുതൽ തന്നെ കേരളം വിവിധ രാജ്യങ്ങളുമായും ജന വിഭാഗങ്ങളുമായും വ്യാപാരബന്ധം പുലർത്തിയിരുന്നു. സുഗന്ധ വ്യഞ്ജനങ്ങൾ, പ്രത്യേകിച്ച് കുരുമുളക് , ഏലം , കറുവപ്പട്ട തുടങ്ങിയവ കേരളത്തെ വിദേശവ്യാപാരികളുടെ ശ്രദ്ധാകേന്ദ്ര മാക്കി. അറബികൾ, ചൈനക്കാർ, റോമാക്കാർ തുടങ്ങിയവർ കേരളവുമായി വ്യാപാരബന്ധം സ്ഥാപിച്ചിരുന്നു. കടൽമാർഗമുള്ള വ്യാപാരം കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ സഹായമായി. കേരളത്തിന്റെ ചരിത്രത്തിൽ വിവിധ രാജവംശ ങ്ങൾക്കും ഭരണാധികാരികൾക്കും പ്രധാന സ്ഥാനമുണ്ട്. ചേരരാജാക്കന്മാരുടെ കാലം മുതൽ കേരളത്തിലെ വിവിധ | (5x1=5) |

പ്രദേശങ്ങളിൽ പല ഭരണകൂടങ്ങളും നിലനിന്നിരുന്നു. പിന്നീട് സാമൂതിരിമാർ, തിരുവിതാംകൂർ രാജാക്കന്മാർ, കൊച്ചി രാജാക്കന്മാർ തുടങ്ങിയവർ വിവിധ പ്രദേശങ്ങൾ ഭരിച്ചു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പോർച്ചുഗീസ് നാവികനായ വാസ്കോഡ ഗാമ കേരളത്തിലെത്തിയത് ചരിത്രത്തിലെ പ്രധാന സംഭവമായി. അദ്ദേഹത്തിന്റെ വരവോടെ യൂറോപ്യൻ ശക്തികളുടെ കേരളത്തിലേക്കുള്ള ഇടപെടൽ വർധിച്ചു.കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. ജാതിവിവേചനം, അയിത്തം, അനാചാരങ്ങൾ തുടങ്ങിയവയ്ക്കെതിരെ നിരവധി സാമൂഹിക പരിഷ്കർത്താക്കൾ പ്രവർത്തിച്ചു. ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി തുടങ്ങിയവർ സമത്വത്തിനും വിദ്യാഭ്യാസത്തിനും സാമൂഹിക നീതിക്കും വേണ്ടി പോരാടി. അവരുടെ പ്രവർത്തനങ്ങൾ കേരളസമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി. പിന്നീട് വിവിധ പ്രസ്ഥാനങ്ങളുടെയും ജനകീയ മുന്നേറ്റങ്ങളുടെയും ഫലമായി 1956 നവംബർ 1-ന് മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഏകീകരിച്ച് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടു.

**ചോദ്യങ്ങൾ**

1. പുരാതനകാലം മുതൽ കേരളം ഏതുതരത്തിലുള്ള ബന്ധമാണ് മറ്റു രാജ്യങ്ങളുമായി പുലർത്തിയിരുന്നത്?
2. കേരളത്തെ വിദേശ രാജ്യങ്ങളുടെ ശ്രദ്ധാകേന്ദ്രമാക്കിയതെന്ത്?
3. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളത്തിലെത്തിയ പോർച്ചുഗീസ് നാവികൻ ആരാണ്?
4. കേരളത്തിലെ വിവിധ പ്രദേശങ്ങൾ ഭരിച്ചിരുന്ന രണ്ട് ഭരണകൂടങ്ങളുടെ പേരെഴുതുക?

| | | |
|---|---|---|
| | 5. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി എന്നിവർ എന്തിനുവേണ്ടിയാണ് പ്രവർത്തിച്ചത്? | |
| **2.** | **SECTION – B** | |
| | 1. നിങ്ങളുടെ വിദ്യാലയത്തിലെ വാർഷികാഘോഷത്തിൽ പങ്കെടുക്കാനായി സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക | ((1X5=5) |
| | 2. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക<br>(a) **പരിസ്ഥിതി സംരക്ഷണം**<br>**അല്ലെങ്കിൽ**<br>(b) **വായനയുടെ പ്രാധാന്യം** | (1X4=4) |
| | **SECTION - C** | |
| **3.** | **പര്യായപദം എഴുതുക**<br>1. മരുത്ത് 2. നിഴൽ 3. നെറ്റി 4. ചന്ദനം 5. കൊതുക് 6. കൂട്<br>7. വാൾ 8. കാള | (8x1=8) |
| **4.** | **വിപരീതപദം എഴുതുക**<br>1. ശാന്തം 2. വിരസത 3. ദീർഘം 4. മാമകം 5. ധീരൻ<br>6. അത്താഴം 7. സൗഭാഗ്യം 8. വികാസം | (8X1=8) |
| **5.** | **എതിർലിംഗം എഴുതുക**<br>1. കാട്ടാളൻ 2. കടത്തുകാരൻ 3. സിംഹം 4. പക്ഷി<br>5. ചുമട്ടുകാരൻ 6. അനന്തിരവൻ 7. വീരൻ 8. ആരാധകൻ | (8X1=8) |

| | | |
|---|---|---|
| 6. | <u>നാനാർത്ഥം എഴുതുക</u><br>1. വൃത്തി 2. കൊടി 3. നാൾ 4. നീര് 5. കതിർ | (5X1=5) |
| 7. | <u>അർത്ഥവ്യത്യാസം എഴുതുക</u><br>1. നാഗം - നാകം 2. ആട - ആടൽ,<br>3. ശീലം - ശീല, 4.ശരീരം - ശാരീരം,<br>5. ഗുണം - ഗണം | (5X1=5) |
| 8. | <u>പിരിച്ചെഴുതുക</u><br>1. നക്ഷത്രപ്പൂക്കളം 2. സൂര്യാസ്തമയം 3. ശാലീനയായ<br>4. പട്ടുടയാട 5. അത്ഭുതാവശിഷ്ടം 6. കലിതാഭം<br>7. ആകാശത്തിൽ 8. ഉന്നതാദർശം | (8X1=8) |
| 9. | <u>വിഗ്രഹിക്കുക</u><br>1. ബാല്യകാലസ്മരണകൾ 2. മംഗളജ്യോതിസ്<br>3. ഗ്രാമചത്വരങ്ങൾ 4. കുട്ടിക്കതിരവൻ 5. പുള്ളിക്കുപ്പായം<br>6. മണ്ണെണ്ണ 7. വന്യമൃഗങ്ങൾ | (7X1=7) |
| 10. | <u>ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക</u><br>1. പൂമൊട്ടിനെ തട്ടിയുണർത്തുന്നത് ആര്?<br>( സൂര്യൻ , ബാലമരുത്ത് , മാകന്ദം , പൂവനം )<br>2. പാരീസിന്റെ ഗന്ധം പകർന്നു തരുന്ന നഗരം ഏത്?<br>( നൈൽ നഗരം , പാരീസ് നഗരം , കൈറോ നഗരം ,<br>ന്യുബിയ നഗരം)<br>3. “പേടിക്കേണ്ട ബാബു ഞാനുണ്ട്”. ഇത് ആരുടെ വാക്കുകളാണ്? | (5X1=5) |

| | | |
|---|---|---|
| | ( ഗ്രാമവാസികളുടെ , പോസ്റ്റ് മാസ്റ്ററുടെ , രത്നയുടെ , അച്ഛന്റെ)<br>4. മാനത്ത് നക്ഷത്രപ്പൂക്കളം തീർക്കുന്നതാര്?<br>( അത്തം , നക്ഷത്രം , ഓണം , രാവ് )<br>5. നാടൻ പാട്ടുകളുടെ പാരമ്പര്യം കൊടിയേറുന്നത് എന്തിലാണ്?<br>(തെക്കൻ പാട്ടുകളിൽ , നാടൻ ഗീതങ്ങളിൽ , വടക്കൻ പാട്ടുകളിൽ , പരമ്പരാഗത ഗാനങ്ങളിൽ ) | |
| **11.** | <u>ഉത്തരം എഴുതുക</u><br>1. ആവർത്തനോത്സുകമാകുന്ന വേളകൾ എന്ന് കവി ഓർത്തെടുക്കുന്നത് എന്തിനെയാണ്?<br>2. ഓണം ധീര മുഹൂർത്തം ആകുന്നത് എങ്ങനെ?<br>3. നൈൽ കരയുടെ ഉഭയപാർശങ്ങളിലും ചൂളിപ്പിടിച്ച് കിടക്കുന്ന തെന്ത്?<br>4. കൽക്കത്തയിൽ നിന്ന് വന്ന ചെറുപ്പക്കാരന് പോസ്റ്റുമാസ്റ്റർ ആയി നിയമനം കിട്ടിയ പ്രദേശം എങ്ങനെ ഉള്ളതായിരുന്നു?<br>5. വടക്കൻ പാട്ടുകളുടെ അഴക് എന്തിലാണ് സ്ഥിതി ചെയ്യുന്നത്?<br>6. നമ്മൾ ഒന്നായി വാഴുന്നത് എന്തിലാണെന്നാണ് കവി സൂചിപ്പിക്കുന്നത്?<br><br>************************* | (6X2=12) |